**അനുബന്ധം-2**

<u>14-07-2022-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 273-ന്റെ 'സി' പിരിവിന്റെ ഉത്തരം</u>

(സി) 01/06/2019 മുതൽ AIMS (Agricultural Information and Management System) പോർട്ടൽ നിലവിൽ വരികയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്ന ഘടകം ഓൺലൈനായി നടപ്പിലാക്കി വരികയും ചെയ്യുന്നു. അതിനാൽ പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരത്തിനായി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ പരിശോധന നടത്തി നഷ്ടപരിഹാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വേഗത്തിലും നേരിട്ടും നൽകുന്നതിന് സാധിക്കുന്നു.

വിള ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കൽ, പോളിസി വിതരണം, നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കൽ, അപേക്ഷയിന്മേലുള്ള അന്വേഷണം പൂർത്തീകരിക്കൽ എന്നിവയ്ക്കായി സ്വാഭാവികമായ കാലതാമസം ഉണ്ടാകാറുണ്ടായിരുന്നു. എന്നാൽ കൃഷി വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ AIMS പോർട്ടൽ നിലവിൽ വന്നതിനെത്തുടർന്ന് 2020

ആഗസ്റ്റ് മാസം മുതൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ AIMS പോർട്ടൽ മുഖേന ഓൺലൈനായാണ് ചെയ്തുവരുന്നത്. വിള ഇൻഷ്വറൻസ് പദ്ധതി AIMS പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും, പോളിസി സർട്ടിഫിക്കറ്റ് വേഗത്തിൽ നൽകുന്നതിനും നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നതിനും കഴിയുന്നതിനാൽ കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു.